


# പാരമ്പര്യങ്ങളും അനുഷ്ഠാനങ്ങളും

(യോഹ. 9:1 – 38) Vol. 11, Issue: 9

ബ്ര. റോബി വരകുപാറയ്ക്കൽ MCBS

ഈശോമിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, പ്രിയപ്പെട്ട സഹോദരങ്ങളെ,

കൈത്താക്കാലം നാലാം ഞായറിൽ നാം എത്തിനിൽക്കുമ്പോൾ സഭാമാതാവ് മക്കളായ നമുക്ക് വിചിന്തനത്തിനായി നൽകുക വി. മർക്കോസിന്റെ സുവിശേഷം 7:1–13 വരെയുള്ള വചനഭാഗമാണ്. പാരമ്പര്യങ്ങളെക്കുറിച്ചും അനുഷ്ഠാനങ്ങളെക്കുറിച്ചുമുള്ള തർക്കത്തെപ്പറ്റിയാണ് ഇവിടെ പറഞ്ഞുവയ്ക്കുക. ജറുസലേമിൽ നിന്നു വന്ന നിയമജ്ഞരും ഫരിസേയരും യേശുവിനു ചുറ്റും കൂടി എന്ന് പറഞ്ഞുകൊണ്ടാണ് ഇന്നത്തെ വചനഭാഗം ആരംഭിക്കുന്നത്. അതായത്, നമ്മുടെ സെൻട്രൽ ഗവണ്മെന്റ് സംവിധാനങ്ങളായ CBI, IB, INA തുടങ്ങിയ ഏജൻസികൾ ചില പ്രശ്നങ്ങളുടെയും നിജസ്ഥിതി അറിയാൻ വരുന്നതുപോലെ. ഇതുപോലെയാണ് ജറുസലേമിൽ നിന്ന് ഗലീലിയിലേയ്ക്ക് ഫരിസേയരും നിയമജ്ഞരും യേശുവിനെ ചോദ്യം ചെയ്യാൻ എത്തുക.

യഹൂദ റബ്ബിമാർ വ്യാഖ്യാനിച്ചു പഠിപ്പിച്ചതും പിന്നീട് തിരുലിഖിതരൂപത്തിൽ ആയിത്തീർന്നതുമായ മിഷ്നയും താൽമുദുമൊക്കെ ദൈവപ്രമാണങ്ങൾ, എപ്രകാരം പാലിക്കണമെന്നു പഠിപ്പിച്ച വ്യാഖ്യാനനങ്ങളായിരുന്നു. അങ്ങനെ 613 പ്രമാണങ്ങൾ പാലിക്കുവാൻ ജനങ്ങളെ കടപ്പെടുത്തി. അതിൽ 365 പ്രമാണങ്ങൾ അരുതായ്മകളെക്കുറിച്ചും 248 പ്രമാണങ്ങൾ അനുഷ്ഠിക്കേണ്ടവയെക്കുറിച്ചുമാണ് പറഞ്ഞുവയ്ക്കുന്നത്. കാലക്രമത്തിൽ ദൈവവചനത്തേക്കാൾ പ്രാധാന്യം ദൈവവചനം പാലിക്കുവാൻ നിർമ്മിച്ച പ്രമാണങ്ങൾക്കും കൽപനകൾക്കും നൽകിയപ്പോൾ എല്ലാം കീഴ്മേൽ മറിഞ്ഞു. നിയമങ്ങളും അനുഷ്ഠാനങ്ങളും പാരമ്പര്യങ്ങളും വള്ളിപുള്ളി വിടാതെ പാലിക്കുന്നുവെന്ന പേരിൽ സ്വയം അഹങ്കരിക്കുന്ന ഫരിസേയരെയും നിയമജ്ഞരെയും വചനത്തിലൂടെ ക്രിസ്തു നമ്മുടെ മുമ്പിൽ അവതരിപ്പിക്കുമ്പോൾ ഇന്നത്തെ ലേഖനവായനയിലൂടെ പൗലോസ്ശ്ലീഹായും പറഞ്ഞുവയ്ക്കുന്നത് ഇത്തരമൊരു മനോഭാവത്തെക്കുറിച്ചു തന്നെയാണ്.

തങ്ങളുടെ പ്രവർത്തികളിൽ അമിതമായ ആത്മവിശ്വാസം നടത്തുന്നവരെ വിഡ്ഢികൾ എന്ന് അഭിസംബോധന ചെയ്തുകൊണ്ട്, 'അഭിമാനിക്കുന്നവൻ കർത്താവിൽ അഭിമാനിക്കട്ടെ; എന്തെന്നാൽ, തന്നെത്തന്നെ പ്രശംസിക്കുന്നവനല്ല, കർത്താവ് പ്രശംസിക്കുന്നവനാണ് സ്വീകാര്യൻ' എന്ന് അവിടുന്ന് നമ്മെ ഓർമ്മപ്പെടുത്തുകയാണ്. യേശുവിന്റെ കാലത്ത്, തങ്ങൾ തിരഞ്ഞെടുക്കപ്പെട്ട ജനമാണെന്നും യഹോവയുടെ നിയമങ്ങളും പ്രമാണങ്ങളും അഭംഗുരം പാലിക്കുന്നവരുമാണെന്ന മട്ടിൽ അഹങ്കരിച്ചിരുന്നവരായിരുന്നു യഹൂദർ. ദൈവപ്രമാണങ്ങൾ ലംഘിക്കുന്നവരെ ശിക്ഷിക്കുന്നത് ഒരു പുണ്യമായിട്ടാണ് അവർ കണ്ടിരു

ന്നത്. നന്മ ചെയ്യുന്നതിലുപരി പ്രമാണങ്ങളും പാരമ്പര്യങ്ങളും പാലിക്കുന്നതിനാണ് അവർ പ്രാധാന്യം കൊടുത്തിരുന്നത്. യേശുവിനെ കുരിശിൽ തറയ്ക്കുവാൻ അവർ ഒന്നടങ്കം ആവശ്യപ്പെട്ടതിന്റെ കാരണവും ഇതുതന്നെയായിരുന്നു.

അവർ യേശുവിനെ കണ്ടത് കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്നവനായിട്ടല്ല; മറിച്ച് അശുദ്ധിയെ സംബന്ധിച്ച നിയമങ്ങൾ ലംഘിക്കുന്നവനായിട്ടാണ്, യേശുവിനെ അവർ കണ്ടത് സാബത്തിൽ നന്മ ചെയ്യുന്നവനായിട്ടല്ല; മറിച്ച് സാബത്ത് ലംഘിക്കുന്നവനായിട്ടായിരുന്നു, യേശുവിനെ അവർ കണ്ടത്, ദൈവത്തെ പിതാവേ എന്നു വിളിക്കുന്നവനായിട്ടല്ല; മറിച്ച് ദൈവദൂഷണം പറയുന്നവനായിട്ടായിരുന്നു. നിയമത്തിന്റെയും പാരമ്പര്യത്തിന്റെയും കണ്ണട ധരിച്ചു നോക്കിയപ്പോൾ അവർക്ക് യേശു ചെയ്യുന്നതെല്ലാം ദൈവദൂഷണവും നിയമലംഘനവുമായി തോന്നി. ഇതുകൊണ്ടാണ് യേശു ഫരിസേയരെക്കുറിച്ചും നിയമജ്ഞരെക്കുറിച്ചും ഇപ്രകാരം പറഞ്ഞുവയ്ക്കുക: ''ഈ ജനം അധരങ്ങൾ കൊണ്ട് എന്നെ ബഹുമാനിക്കുന്നു. എന്നാൽ, അവരുടെ ഹൃദയം എന്നിൽ നിന്ന് വളരെ ദൂരെയാണ്'' എന്ന്.

ഒരു ക്രൈസ്തവ വിശ്വാസിയെ സംബന്ധിച്ചിടത്തോളം അവന്റെ വിശ്വാസത്തിന്റെ സ്രോതസ്സായി നിൽക്കുന്നത് വിശുദ്ധ ഗ്രന്ഥവും പാരമ്പര്യവുമാണ്. ഒരുകാലത്ത്, കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാരും തമ്മിൽ വേർപിരിഞ്ഞതും പാരമ്പര്യത്തിന്റെ പേരിലായിരുന്നു. പാരമ്പര്യം എന്നതുകൊണ്ട് നാം എന്താണ് അർത്ഥമാക്കുന്നത്? ലോകത്തിലേയ്ക്ക് നാം ഒന്നു കണ്ണോടിച്ചാൽ നമുക്ക് കാണാൻ സാധിക്കും, ഏതൊരു പ്രസ്ഥാനത്തിനും സമൂഹങ്ങൾക്കും അവരുടേതായ കൃത്യമായ പാരമ്പര്യങ്ങളും അനുഷ്ഠാനങ്ങളുമുണ്ട്. എന്നാൽ, പാരമ്പര്യം എന്നതിലൂടെ വിശുദ്ധ ഗ്രന്ഥം എന്താണ് അർത്ഥമാക്കുന്നത് എന്നത് പ്രസക്തമായ ചോദ്യമാണ്. പാരമ്പര്യത്തെ സൂചിപ്പിക്കുന്ന ഗ്രീക്ക് പദമായ Paradosis പുതിയനിയമത്തിൽ 13 തവണ ഉപയോഗിക്കുന്നുണ്ട്. ഇവയിൽ 3 തവണ അപ്പസ്തോലന്മാരുടെ പ്രബോധനങ്ങളെ സൂചിപ്പിക്കാനും പത്തു തവണ പൂർവ്വീകരുടെ ആചാരങ്ങളെ സൂചിപ്പിക്കാനുമാണ് ഉപയോഗിക്കുന്നത്. ക്രിസ്തുവിനെ പാരമ്പര്യ വിരോധിയായി ചിത്രീകരിക്കാൻ മർക്കോ. 7:1-13 അതായത്, ഇന്നത്തെ സുവിശേഷഭാഗത്തെ ഉപയോഗിക്കുന്നവരുണ്ടാകും.

എന്നാൽ, ക്രിസ്തു പൂർവ്വീകരുടെ പാരമ്പര്യങ്ങളെ കാറ്റിൽ പറത്തിയ നിഷേധിയായ വിപ്ലവകാരിയായിരുന്നില്ല. പകരം, ആചാരപ്രകാരം എട്ടാം ദിവസം പരിച്ഛേദനം സ്വീകരിച്ചവനും ആണ്ടുവട്ടത്തിലെ പ്രധാന തിരുനാളുകൾക്ക് ജറുസലേമിലേയ്ക്ക് തീർത്ഥാടനം ചെയ്തവനും പതിവായി സിനഗോഗിൽ പ്രാർത്ഥനയ്ക്കു പോവുകയും ചെയ്ത ക്രിസ്തു ഒരിക്കലും പാരമ്പര്യങ്ങൾക്ക് എതിരല്ലായിരുന്നു. മറിച്ച്, പൂർവ്വീകരുടെ നിയമങ്ങളെയും പാരമ്പര്യങ്ങളെയും ബഹുമാനത്തോടെ കണ്ട് ജീവിതത്തിൽ പ്രാവർത്തികമാക്കിയവനായിരുന്നു. ആകയാൽ, ക്രിസ്തു വിമർശിച്ചത് ദൈവത്തെയും ദൈവഹിതത്തെയും അവഗണിച്ച് അനിഷ്ടത്തിനും കാര്യസാധ്യത്തിനും വേണ്ടി പാരമ്പര്യത്തെ വളച്ചൊടിക്കുന്ന നിയമപണ്ഡിതരെയായിരുന്നു. വി. യോഹന്നാന്റെ സുവിശേഷം 2:13-20 വരെയുള്ള വചനഭാഗം പരിശോധിക്കുകയാണെങ്കിൽ നമുക്ക് കാണാൻ സാധിക്കും. ഊനമറ്റവയെ മാത്രമേ ദൈവത്തിന് ബലിയർപ്പിക്കാവൂ എന്ന, വി. പാരമ്പര്യത്തിന്റെ മറവിൽ വിശ്വാസികൾ കൊണ്ടുവരുന്ന സകല മൃഗങ്ങളെയും അവഗണിച്ച് അഴിമതിക്കു വഴിയൊരുക്കുന്ന കച്ചവട മനഃസ്ഥിതിയെ ക്രിസ്തു എതിർക്കുന്നു. ഇവിടെ ക്രിസ്തു എതിർക്കുന്നത് പാരമ്പര്യത്തെയല്ല; അതിന്റെ പേരിൽ നടക്കുന്ന ചൂഷണത്തെയും പകൽക്കൊള്ളയെയുമാണ്.

പ്രിയപ്പെട്ടവരേ, സ്നേഹമില്ലാത്ത നിയമപാലനവും ആത്മീയത ഇല്ലാത്ത അനുഷ്ടാനങ്ങളും അതിനാൽ തന്നെ നിരർത്ഥകമാണ്. ഒരിക്കൽ ഒരു കൂട്ടം കൊള്ളക്കാർ ഒരു വഴിയാത്രക്കാരനെ ആക്രമിച്ച് കൈയ്യിലുള്ളതെല്ലാം തട്ടിയെടുത്ത് മർദ്ദിച്ച് അവശനാക്കി. അവർ അയാളുടെ ഭാണ്ഡക്കെട്ട് തുറന്ന് കൊള്ളമുതൽ പങ്കുവച്ചപ്പോൾ ഒരുവനു കിട്ടിയത് ഒരു പൊതിച്ചോറ്. അത് തുറന്നു നോക്കിയ അയാൾ അതിലുണ്ടായിരുന്ന രണ്ടു കഷണം ഇറച്ചി വറുത്തത് എടുത്ത് ദൂരെ കളഞ്ഞുകൊണ്ട് പറഞ്ഞത് ഇങ്ങനെയത്രേ: ''ശ്ശൊ... ഇന്ന് വെള്ളിയാഴ്ച ആയിപ്പോയല്ലോ...!''

ക്രിസ്തീയത വെറും നിയമങ്ങളും പാരമ്പര്യങ്ങളും അനുഷ്ഠാനങ്ങളും പാലിക്കാനുള്ളത് മാത്രമാണെന്നു ചിന്തിക്കുന്നവരുണ്ടെങ്കിൽ അവർ മനസ്സിലാക്കേണ്ടത്, നാം മാമ്മോദീസായിലൂടെ സഭയിലേയ്ക്ക് വിളിക്കപ്പെട്ടിരിക്കുന്നത് ക്രിസ്തുവിലേയ്ക്ക് വളരുവാൻ വേണ്ടിയാണ്. ക്രിസ്തുവിന്റെ കാരുണ്യം നമ്മിലൂടെ ലോകത്തിൽ പ്രകടമാക്കുവാൻ വേണ്ടിയാണ്. അതിനാൽ വ്യർത്ഥവും അപ്രസക്തവുമായ പാരമ്പര്യങ്ങളുടെ തടവറയിൽ നിന്ന് പുറത്തുകടന്ന് എല്ലാവരോടും കരുണയോടെ ജീവിക്കാൻ പരിശ്രമിക്കാം. കരുണയാണ് ദൈവത്തിന്റെ സ്വഭാവം, കരുണയിലാണ് വിശുദ്ധി, കരുണയിലാണ് പൂർണ്ണത. ആകയാൽ, ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖങ്ങളാകുവാനുള്ള കൃപയ്ക്കുവേണ്ടി നമുക്ക് ഈ വിശുദ്ധ ബലിയിൽ ആത്മാർത്ഥമായി പ്രാർത്ഥിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.